# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1834**

08-06-2018 ൽ മറുപടിയ്ക്ക്

# കൊല്ലം തുറമുഖ വികസനം

ചോദ്യം

ശ്രീ. എം.മുകേഷ് :

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം തുറമുഖത്ത് ചരക്ക് ഗതാഗത പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(എ) കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം തുറമുഖത്ത് എല്ലാവിധ ചരക്കുകളും കൈകാര്യം ചെയ്യത്തക്ക വിധത്തിൽ വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്തിലേയും, മറ്റ് ചെറുകിട തുറമുഖങ്ങളിലേയും ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പോർട്ടിലെ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും ഉള്ള നിരക്ക് ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു
2. ചരക്ക നീക്കത്തിനുള്ള ഇൻസെന്റീവ് ഒരു മെട്രിക് ടണ്ണിന് കി.മീറ്ററിന് 1 രൂപ എന്നത് മൂന്ന് രൂപയായി വർദ്ധിപ്പിച്ചു
3. കൊല്ലം തുറമുഖത്ത് ഒരു ആധുനിക സിമന്റ് ടെർമിനൽ പി.പി.പി മോഡലിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഏകദേശം 5 ലക്ഷം ടൺ സിമന്റ് കൊല്ലം തുറമുഖം വഴി കൈകാര്യം ചെയ്യാൻ സാധിക്കും. സിമന്റ് ടെർമിനലിന്റെ പണി പൂർത്തിയാകുന്ന

| | | | |
|---|---|---|---|
| | | | തിനു മുമ്പ് തന്നെ തുറമുഖം വഴി സിമന്റ് നീക്കം ആരംഭിക്കാൻ ആലോചിക്കുന്നുണ്ട്. |
| (ബി) | കൊല്ലം തുറമുഖത്തെ തൊഴിൽ പ്രശ്നങ്ങൾ തുറമുഖത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | കൊല്ലം തുറമുഖത്ത് ചരക്കുകളുടെ കയറ്റിറക്കുമതി കൂലി ഏകീകരിച്ച് നിശ്ചയിക്കാത്തതിനാൽ ഷിപ്പിംഗ് കമ്പനികൾ തുറമുഖത്തു വരുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ഈ നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ലേബർ ഓഫീസറുടെ നേതൃത്വത്തിൽ മീറ്റിംഗ് കൂടിയെങ്കിലും തീരുമാനമായില്ല. തുടർ ചർച്ചകൾ നടത്തുന്നതാണ്,. |
| (സി) | തുറമുഖത്ത് കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ അംഗീകൃത കയറ്റിറക്ക് നിരക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (സി) | നിലവിൽ അംഗീകരിച്ചിട്ടുള്ള ചരക്കുകളുടെ അംഗീകൃത കയറ്റിറക്ക് നിരക്കുകൾ സംബന്ധിച്ച വിശദാംശം Annexure ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (ഡി) | കൊല്ലം തുറമുഖത്തിലെ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ; | (ഡി) | പാസഞ്ചർ ടെർമിനലിന്റെ പണി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഇ) | കൊല്ലം തുറമുഖത്തുനിന്ന് യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി സ്വീകരിച്ചു വരുന്ന മറ്റ് നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കൊല്ലം - മിനിക്കോയ് യാത്രാകപ്പൽ സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. തുറമുഖ ഡയറക്ടർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ പ്രതിനിധി, കൊല്ലം പോർട്ടോഫീസർ, കോഴിക്കോട് പോർട്ടോഫീസർ എന്നിവരെ മിനിക്കോയിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കൊല്ലം തുറമുഖത്തെ നിലവിലുള്ള കയറ്റിറക്ക് നിരക്കുകൾ

| | | | |
|---|---|---|---|
| 1 | കണ്ടെയ്നർ | - | 20 ഫീറ്റ് - 180 രൂപ<br>40 ഫീറ്റ് - 200 രൂപ<br>(വാർഷിക വർദ്ധനവ് 15%) |
| 2 | മെറ്റൽ | - | ചാക്കിൽ (35 കി.ഗ്രാം) നിറയ്ക്കുന്നതിന് - 10 രൂപ + ലെവി<br>മാലിൽ അടുക്കി കപ്പലിൽ അട്ടിവയ്ക്കുന്നതിന് - 10 രൂപ + ലെവി |
| 3 | എം. സാൻഡ് / മണൽ | - | ചാക്കിൽ (35 കി.ഗ്രാം) നിറയ്ക്കുന്നതിന് - 8 രൂപ + ലെവി<br>മാലിൽ കപ്പലിൽ അട്ടിവയ്ക്കുന്നതിന് - 8 രൂപ + ലെവി |
| 4 | സിമന്റ് കട്ട (സോളിഡ്) 12X 8 സൈസ് | - | ലോറിയിൽ നിന്നും ഇറക്കി കപ്പലിൽ അട്ടിവയ്ക്കുന്നതിന് - 10 രൂപ + ലെവി |
| 5 | സിമന്റ് (ചാക്ക്) | - | ലോറിയിൽ നിന്നും ഇറക്കി കപ്പലിൽ അട്ടിവയ്ക്കുന്നതിന് - 13 രൂപ + ലെവി |
| 6 | കമ്പി (ടൺ ഒന്നിന്) | - | ലോറിയിൽ നിന്നും ഇറക്കി കപ്പലിൽ അട്ടിവയ്ക്കുന്നതിന് - 456 രൂപ + ലെവി |
| 7 | ടൈൽസ് (2X2 ബോക്സ്)<br>(1X1 ബോക്സ്)<br>(1X8 ബോക്സ്) | - | 36 രൂപ + ലെവി<br><br>16 രൂപ + ലെവി<br>20 രൂപ + ലെവി |
| 8 | മറ്റ് ചില്ലറ സാധനങ്ങൾ ( ടൺ ഒന്നിന്) | - | 1250 രൂപ + ലെവി |

(ഒപ്പ്)

സെക്ഷൻ ഓഫീസർ